**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** — **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതികളിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കപ്പെടേണ്ടത്; വിശദമാക്കാമോ; | (എ) | ധനസഹായത്തിനു തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ വേറെ ഭൂമി ഉണ്ടാകാൻ പാടില്ല വരുമാനം 50,000/- രൂപയിൽ അധികരിക്കാൻ പാടില്ല. ഗുണഭോക്താവ് തെരഞ്ഞെടുക്കുന്ന ഭൂമി, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാകുന്നതും സഞ്ചാരയോഗ്യവും ആയിരിക്കണം. വകുപ്പ് മുഖേന നൽകുന്ന ഭൂമി പണയപ്പെടുത്താനോ വിൽപ്പനയ്ക്കോ അനുമതിയില്ല. അനന്തരാവകാശികൾക്ക് മാത്രമേ നൽകാൻ പാടുള്ളൂ. |
| (ബി) | പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതിക്കാർ കൈവശം വച്ചുവരുന്ന പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ